**പതിമൂന്നാം കേരള നിയമസഭ - രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5992 28/10/2011-ൽ മറുപടിയ്ക്ക്

**കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷൻ**

| ചോദ്യം<br>ശ്രീ. കോടിയേരി ബാലകൃഷ്ണൻ | മറുപടി<br>ശ്രീ. ഉമ്മൻചാണ്ടി<br>(മുഖ്യമന്ത്രി) |
|---|---|
| (എ)<br>കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്മെന്റ് കോർപ്പറേഷന്റെ ഇപ്പോഴത്തെ പ്രവർത്തനം എന്തൊക്കെയാണ്; തന്നാണ്ടിലെ ലക്ഷ്യം വിശദമാക്കുമോ;<br>പ്രവർത്തനത്തിനാവശ്യമായ ഫണ്ട് കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ)<br>കേരള സംസ്ഥാനത്തെ തീരദേശ മേഖലയുടെ സമഗ്രമായ അടിസ്ഥാന സൗകര്യവികസനം, മത്സ്യവിതരണ വിപണന രംഗത്തെ ആധുനികവൽക്കരണം, മത്സ്യത്തൊഴിലാളികളുടെ ഉന്നമനം ഇവ ലക്ഷ്യമാക്കിയുള്ളതുമായ പ്രവർത്തനങ്ങളാണ് തീരദേശ വികസന കോർപ്പറേഷൻ ഇപ്പോൾ നടപ്പിലാക്കി വരുന്നത്.<br>തന്നാണ്ടിൽ, ആഴക്കടൽ മത്സ്യബന്ധനം, ആർട്ടിഫിഷ്യൽ റീഫ്, കോമൺ ഫെസിലിറ്റി സെന്റർ ഫോർ ക്വാളിറ്റി കൺട്രോൾ ഓഫ് ഫിഷ് പ്രോഡക്ട്സ്, ഫിഷിംഗ് ഹാർബറുകളിൽ വനിതാ മത്സ്യക്കച്ചവടക്കാർക്ക് ഷെൽട്ടർ സംവിധാനം, മലപ്പുറം കോഴിക്കോട് ജില്ലകളിൽ സമഗ്ര തീരദേശ വികസന പദ്ധതി, റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട് ഉപയോഗിച്ചുള്ള പദ്ധതി എന്നിവയാണ് കോർപ്പറേഷൻ വഴി നടപ്പിലാക്കുന്നതിന് തയ്യാറാക്കപ്പെട്ട പദ്ധതികൾ.<br><br>മേൽ പ്രവർത്തനങ്ങളോടൊപ്പം ആധുനിക മത്സ്യമാർക്കറ്റുകൾ, മോഡേൺ ഫിഷ് ഡ്രസിംഗ് സെന്ററുകൾ, ഡ്രൈ ഫിഷ് കോംപ്ലക്സുകൾ, ഫിഷ് കിയോസ്കുകൾ, കെ.എസ്.സി.എ.ഡി.സി എത്തിനിക് ഹെറിറ്റേജ് കിച്ചണുകൾ എന്നീ പുതിയ പദ്ധതികളും കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഇതിനായി മാനേജീരിയൽ ഫീസ് കോർപ്പറേഷന് ലഭിക്കുന്നുണ്ട്. കൂടാതെ കോർപ്പറേഷൻ വഴി ചില പദ്ധതികൾക്ക് കൺസൾട്ടൻസിയും നൽകിവരുന്നു. ആയതിനാൽ മാനേജീരിയൽ ഫീസും, കൺസൾട്ടൻസി ചാർജ്ജും ഉപയോഗിച്ചാണ് കോർപ്പറേഷന്റെ പ്രവർത്തനം നടത്തിവരുന്നത്. സംസ്ഥാന സർക്കാരിന്റെ ബഡ്ജറ്റിൽ കോർപ്പറേഷന്റെ പ്രവർത്തനത്തിനായി ഫണ്ട് വകയിരുത്തിയിട്ടില്ല. എന്നാൽ സർക്കാരിൽ നിന്ന് ഷെയർ ക്യാപ്പിറ്റൽ കോർപ്പറേഷന് ലഭിക്കുന്നുണ്ട്. |

| | |
|---|---|
| (ബി)<br>ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമായ ഭരണസംവിധാനം എന്താണ്; ഈ സ്ഥാപനത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ? | (ബി)<br>തിരുവനന്തപുരം ആസ്ഥാനമാക്കിയാണ് കോർപ്പറേഷൻ ഓഫീസ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്. ഓഫീസിന്റെ മേധാവി മാനേജിംഗ് ഡയറക്ടർ ആണ്. ഫിഷറീസ് വകുപ്പു മന്ത്രി ചെയർമാനായിട്ടുള്ള ഡയറക്ടർ ബോർഡാണ് കോർപ്പറേഷന്റെ ഭരണപരമായ കാര്യങ്ങൾ തീരുമാനിക്കുന്നത്. ഇപ്പോൾ കോർപ്പറേഷൻ ഓഫീസ് പ്രവർത്തിച്ചുവരുന്നത് സെക്രട്ടേറിയറ്റിന് സമീപം അധ്യാപകഭവൻ റോഡിലുള്ള റ്റി.സി.26/538-1 എന്ന കെട്ടിടത്തിൽ ആണ്, മാനേജിംഗ് ഡയറക്ടർ, പ്രോജക്റ്റ് മാനേജർ, എക്സിക്യൂട്ടീവ് എഞ്ചിനീയർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ എന്നീ തസ്തികകൾ ആണ്. കോർപ്പറേഷനിലെ പ്രധാന തസ്തികകൾ. ഫിഷറീസ് വകുപ്പിൽ നിന്നും അദർ ഡ്യൂട്ടിയിൽ 2 പേരും കരാറടിസ്ഥാനത്തിൽ 3 പേരും കോർപ്പറേഷനിൽ ജോലി ചെയ്യുന്നുണ്ട്. 13.10.2011 ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം കോർപ്പറേഷന്റെ റീസ്ട്രച്ചറിംഗിന് ആവശ്യമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ എൽ.ബി.എസ്.സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയോട് ആവശ്യപ്പെടാൻ തീരുമാനിച്ചു 10 താൽക്കാലിക ജീവനക്കാരെ കൂടി കോർപ്പറേഷനിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുവാനും തീരുമാനിച്ചു. |

സെക്ഷൻ ഓഫീസർ